"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ശ്രീമതി. ബിന്ദുരേഖ.കെ, സീനിയർ അക്കൗണ്ടന്റ്, സബ്- ട്രഷറി, മുക്കം, താമരശ്ശേരി എന്നവരുടെ കുടുംബശ്രീ പത്തനംതിട്ട ജില്ലാ മിഷനിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.729/2026/LSGD തീയതി,തിരുവനന്തപുരം, 13-03-2026

---

പരാമർശം:-

1. 10/05/2013-ലെ 42/2013/ധന നമ്പർ സർക്കുലർ
2. 28/11/2013-ലെ സ.ഉ.(പി) നമ്പർ 580/2013/ധന
3. 23/02/2023-ലെ സ.ഉ.(സാധാ) നമ്പർ 465/2023/തസ്വഭവ
4. 21/05/2024-ലെ സ.ഉ.(സാധാ) നമ്പർ 879/2024/തസ്വഭവ
5. 29/03/2025-ലെ സ.ഉ.(സാധാ) നമ്പർ 865/2025/തസ്വഭവ
6. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 05/03/2026-ലെ 9/E1/2024/KSHO നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീമതി. ബിന്ദുരേഖ.കെ, സീനിയർ അക്കൗണ്ടന്റ്, സബ്- ട്രഷറി, മുക്കം, താമരശ്ശേരി എന്നവരെ പരാമർശം (3) പ്രകാരം കുടുംബശ്രീ പത്തനംതിട്ട ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ 13/03/2023 മുതൽ ഒരു വർഷത്തേക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയും പരാമർശം (4-5) ഉത്തരവുകൾ പ്രകാരം അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചു നല്കുകയും ചെയ്തിട്ടുണ്ട്. ടിയാളുടെ അന്യത്രസേവന കാലാവധി 12/03/2026-ൽ അവസാനിക്കുന്നതായും, 13/03/2026 മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചു നല്കണമെന്നും പരാമർശം (6) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇപ്രകാരം അന്യത്രസേവന കാലാവധി ദീർഘിപ്പിക്കുന്നതിന് തടസ്സമില്ല എന്ന് കാണിച്ച് ട്രഷറി ഡയറക്ടർ നിരാക്ഷേപ പത്രം ലഭ്യമാക്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. ബിന്ദുരേഖ.കെ, സീനിയർ അക്കൗണ്ടന്റ്, സബ്- ട്രഷറി, മുക്കം, താമരശ്ശേരി എന്നവരുടെ കുടുംബശ്രീ പത്തനംതിട്ട ജില്ലാ മിഷനിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലാവധി കേരള സർവ്വീസ് റൂൾസ് ഭാഗം-1, ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി 13/03/2026 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വിനീത വി ആർ

അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ശ്രീമതി. ബിന്ദുരേഖ.കെ, സീനിയർ അക്കൗണ്ടന്റ്, സബ്- ട്രഷറി, മുക്കം, താമരശ്ശേരി (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖേന)

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/92/2026-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
സെക്ഷൻ ഓഫീസർ
Date: 13-03-2026 14:12:46